**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2763** | **06-02-2018 ലെ മറുപടി** |

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ഡി.പ്രസേനൻ** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ആലത്തൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | **ജലസേചന വകുപ്പ്**<br>ആലത്തൂർ മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 7 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രസ്തുത കുളങ്ങൾ താഴെ ചേർക്കുന്നു:<br>1. അനന്തൻ കുളം, ആലത്തൂർ പഞ്ചായത്ത്<br>2. ഗണപതിക്ഷേത്ര കുളം, കുഴൽമന്ദം പഞ്ചായത്ത്<br>3. പനയൻചിറ കുളം, തേൻകുറിശ്ശി പഞ്ചായത്ത്<br>4. ചാത്തംകുളം, എരിമയൂർ പഞ്ചായത്ത്<br>5. പൈതലക്കുളം, വണ്ടായി പഞ്ചായത്ത്<br>6. കരുമാനിശ്ശേരി ഗ്രാമക്കുളം, കിഴക്കൻചേരി പഞ്ചായത്ത്<br>7. കർക്കടക്കോട് കുളം, മേലാർകോട് പഞ്ചായത്ത് |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ? | | |

| | | | |
|---|---|---|---|
| | | | **പദ്ധതി വിഭാഗം 1**<br><br>ഈ കാര്യാലയത്തിനു കീഴിൽ മംഗലം, ചേരാമംഗലം എന്നീ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതികളുടെ കാഡാഫീൽഡ് കനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും പുനരുദ്ധാരണത്തിനായി സമർപ്പിച്ച 400 ലക്ഷം രൂപയുടെ (മംഗലം-200 ലക്ഷം, ചേരാമംഗലം-200 ലക്ഷം) പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ചേരാമംഗലം പദ്ധതിയുടെ കനാലുകളുടെ ഷട്ടറുകളും സ്ലൂയിസുകളും പുതുക്കി സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ, വിളജല കലണ്ടർ, എന്നിവ 'നിറ'യിൽ ഉൾപ്പെടുത്തി ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്.<br><br>**കേരള ജല അതോറിറ്റി**<br><br>ആലത്തൂർ മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# കേരള ജല അതോറിറ്റി

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|
| NRDWP - നെന്മാറ, അയിലൂർ മേലാർക്കോട് കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം (രണ്ട് പാക്കേജുകൾ) | 1100 ലക്ഷം | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട 12.50 എം.എൽ.ഡി ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി പൂർത്തീകരണത്തോട് അടുക്കുന്നു. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ പമ്പ് സെറ്റുകൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| കിഫ്ബി - നെന്മാറ, അയിലൂർ മേലാർക്കോട് സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം (രണ്ട് പാക്കേജുകൾ) | 2450 ലക്ഷം | 9.5 ലക്ഷം ലിറ്റർ, 11.5 ലക്ഷം ലിറ്റർ, 9.5 ലക്ഷം ലിറ്റർ എന്നിങ്ങനെ മൂന്ന് ടാങ്കുകൾ, പമ്പ് സെറ്റുകൾ, വിതരണ ശൃംഖല എന്നിവയുടെ നിർമ്മാണം രണ്ട് പാക്കേജുകളായാണ് നടന്നു വരുന്നത്. ഇതിൽ ഒരു ടാങ്കിനുള്ള സ്ഥലം പി.ഡബ്ല്യു.ഡി.യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| NRDWP-XVI-SLSSC-2011 കുഴൽമന്ദം, തേങ്കുറുശ്ശി, കണ്ണാടി, സമഗ്ര കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 1500 ലക്ഷം | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 9.5 എം.എൽ.ഡി ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി പൂർത്തീകരണ ത്തോട് അടുക്കുന്നു. കിണർ, പമ്പ് ഹൗസ്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പ് സെറ്റുകൾ എന്നീ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ട്രാൻസ്ഫോർമർ, വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്യുവാനുണ്ട് |
| NRDWP-XVI-SLSSC-2011 കുഴൽമന്ദം, തേങ്കുറുശ്ശി, കണ്ണാടി, സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 700 ലക്ഷം | ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി 8.50 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ഗുണനിലവാര ബാധിത പ്രദേശങ്ങളിലേക്കുള്ള വിതരണ ശൃംഖല എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു |
| സ്റ്റേറ്റ് പ്ലാൻ-വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര സമഗ്ര കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 2000 ലക്ഷം | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട് |
| കിഫ്ബി-എലവഞ്ചേരി, പല്ലശന, എരിമയൂർ, ആലത്തൂർ സമഗ്ര കുടിവെള്ള പദ്ധതി | 2000 ലക്ഷം | പ്രസ്തുത പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് DSR 2016 പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. ഇതിന് തത്വത്തിൽ അംഗീകാരം നൽകിയതിനു ശേഷം കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| കിഫ്ബി-വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി, കണ്ണമ്പ്ര സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാംഘട്ടം | 7500 ലക്ഷം | |

**സെക്ഷൻ ഓഫീസർ**